# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 05/2021(10)വെള്ളിയാഴ്ച്ച | തീയ്യതി 29.01.2021

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 30.01.2021 | 31.01.2021 | 01.02.2021 | 02.02.2021 | 03.02.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 51 | 51 | 51 | 51 | 51 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 14 | 12 | 10 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 230 | 230 | 250 |
| മേഘവ്യാപ്തി (ഒക്ടട) | 4 | 4 | 4 | 1 | 1 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: മഴ ഇല്ലാത്ത സാഹചര്യത്തിൽ കാർഷികോൽപ്പന്നങ്ങൾ ഉണക്കുകയും, കീടനാശിനി പ്രയോഗവും നടത്താവുന്നതാണ്.** | | |
| നെല്ല് (മുണ്ടകൻ) പാലുറയ്ക്കുന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | ബാക്ടീരിയൽ ഇലകരിച്ചിലിനെ പ്രതിരോധിക്കാനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ മുപ്പത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| | പോളരോഗം | നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം (ട്രൈഫ്ളോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ) മിശ്രിതം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | - | രണ്ട് മാസം പ്രായമായ വാഴകളിൽ സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കാൻ 100 ഗ്രാം അയർ ഇട്ടുകൊടുക്കാവുന്നതാണ്. |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കണ്ടാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്ക വിധം 10 ദിവസം ഇടവേളകളിലായി ഇത് ആവർത്തിച്ച് തളിക്കുക. (50 ഗ്രാം ബാർ സോപ്പ് ഇളം ചൂടുവെള്ളത്തിൽ ലയിപ്പിച്ച്, 200 മില്ലി വേപ്പെണ്ണയുമായി കലർത്തി, 200 ഗ്രാം വെളുത്തുള്ളി അരച്ചത് അരിച്ചു ചേർത്ത മിശ്രിതത്തിൽ വെള്ളം ചേർത്ത് പത്ത് ലിറ്റർ മിശ്രിതം ഉണ്ടാക്കാം). ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വെള്ളരി,വഴുതന, തക്കാളി | വെള്ളീച്ച | വെള്ളരി, വഴുതന, തക്കാളി എന്നിവയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക. |
| മൃഗസംരക്ഷണം | കുരലടപ്പൻ, കുളമ്പ് രോഗം എന്നിവയുടെ പ്രതിരോധകുത്തിവെപ്പ് എടുക്കുക. ചാണക പരിശോധന നടത്തി ആവശ്യമെങ്കിൽ വിര മരുന്ന് നൽകുക. | |